1. ഇ.ബി. XIII-കേരള നിയമസഭ/XI-5

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 13, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി, കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

## 'കാപ്പ''നിയമത്തിന്റെ ദുരുപയോഗം

മി. സ്പീക്കർ: ജനകീയ സമരങ്ങളിൽ ഏർപ്പെടുന്ന രാഷ്ട്രീയപ്രവർത്തകരെ നേരിടാൻ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന പോലീസ് നടപടി സാമൂഹ്യ പ്രവർത്തകരിലാകെ ഉത്കണ്ഠയുളവാക്കിയിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ

ഇ.പി. ജയരാജൻ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഗുണ്ടാ-മാഫിയാ പ്രവർത്തനങ്ങൾ അടിച്ചമർത്താനും മാഫിയാപ്രവർത്തനങ്ങളിൽ നിന്ന് സമൂഹത്തെ രക്ഷിക്കാനുമായിട്ടാണ് 2007-ൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം പാസ്സാക്കിയത്. സംസ്ഥാനത്ത് അറിയപ്പെടുന്ന ഗുണ്ടകളെയും റൗഡികളെയും ജില്ലാ മജിസ്ട്രേട്ടിന്റെ ഉത്തരവുപ്രകാരം തടങ്കലിൽ സൂക്ഷിക്കുക, ഇവർ നിശ്ചിതപ്രദേശത്ത് പ്രവേശിക്കുന്നത് തടയുക, അഡ്വൈസറി ബോർഡിന്റെ പരിഗണനയ്ക്കുവരുന്ന തടങ്കൽ നടപടിയിന്മേൽ തീരുമാനമെടുക്കുക തുടങ്ങിയവയാണ് ഈ നിയമപ്രകാരം സ്വീകരിച്ചുവരുന്ന നടപടി. രാഷ്ട്രീയ പകപോക്കലിന്റെ പേരിൽ പ്രസ്തുത നിയമപ്രകാരം ആരുടെപേരിലും നടപടിയെടുത്തിട്ടില്ല. വ്യക്തിവൈരാഗ്യം, രാഷ്ട്രീയവിരോധം, ജനജീവിതത്തിന് ഭീഷണിയാകുന്ന വിധത്തിൽ പ്രവർത്തിക്കുക, പ്രതിയോഗികളെ ആക്രമിക്കുക, മുതലായ കുറ്റകൃത്യങ്ങൾ

നടത്തുന്നവർക്കെതിരെയാണ് 'കാപ്പ'നിയമപ്രകാരം നടപടിയെടുത്തിട്ടുള്ളത്. 'കാപ്പ'നിയമത്തിലെ 15(1) വകുപ്പുപ്രകാരം കേസിൽ ഉൾപ്പെടുന്ന വ്യക്തിക്ക് പറയാനുള്ള അവസരം നൽകിയശേഷമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അവരുടെമേൽ തുടർനടപടികളെടുക്കാനാവൂയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഐ.ജി.യോ, ജില്ലാമജിസ്ട്രേട്ടോ പുറപ്പെടുവിക്കുന്ന ഉത്തരവിനെ അസ്ഥിരപ്പെടുത്താൻ മേൽ ഉദ്യോഗസ്ഥർക്ക് നിയമപ്രകാരം അധികാരമില്ല. വ്യവസ്ഥകൾ ദുരുപയോഗപ്പെടുത്താതിരിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഈ നിയമത്തിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരം നടപടിക്ക് വിധേയമാകുന്ന വ്യക്തിക്ക് ഉപദേശകബോർഡ്, സർക്കാർ എന്നിവിടങ്ങളിൽനിന്നും പരാതിപരിഹാരം തേടാവുന്നതാണ്. പൗരാവകാശവും ജനാധിപത്യ അവകാശങ്ങളും സംരക്ഷിക്കുകയെന്നതാണ് ഈ സർക്കാരിന്റെ നയം.

ശ്രീ. ഇ. പി. ജയരാജൻ: ജനങ്ങളുടെ സുരക്ഷിതത്വത്തിന് ഭീഷണിയാകുന്ന വിധത്തിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവരെ അമർച്ചചെയ്യാൻ വേണ്ടിയാണ് ഈ നിയമം പാസ്സാക്കിയതെങ്കിലും യഥാർത്ഥ കുറ്റവാളികൾക്കെതിരെ യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ജനകീയ സമരങ്ങളിൽ ഏർപ്പെടുന്ന രാഷ്ട്രീയപ്രവർത്തകരെ പ്രസ്തുത നിയമത്തിന്റെ

പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും രാഷ്ട്രീയപകപോക്കലിന്റെ ഭാഗമായി 'കാപ്പ' നിയമം ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ നിയമമനുസരിച്ച് മുപ്പത്തിനാലുപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെങ്കിലും ഇരുപത്തിയെട്ട് കേസും നിലനിൽക്കുന്നതല്ലെന്ന കാരണത്താൽ തള്ളുകയാണുണ്ടായത്. വാടകക്കൊല യാളികൾ, മണൽ മാഫിയ, ക്വട്ടേഷൻ സംഘം എന്നിവർക്കെതിരെ 'കാപ്പ' നിയമപ്രകാരം യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽപ്പെട്ട യുവജന വിദ്യാർത്ഥി സംഘടനാരംഗത്ത് പ്രവർത്തിക്കുന്ന മുന്നൂറിലധികംപേരെയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 107-ാം വകുപ്പിൽപ്പെടുത്തി നാടുകടത്തിയത്. രാഷ്ട്രീയ പകപോക്കലിനുള്ള ആയുധമാക്കി ഈ നിയമത്തെ മാറ്റിയിരിക്കുകയാണ്. നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. അക്രമപ്രവർത്തനങ്ങൾ നടത്തുന്ന ഭരണകക്ഷി യുവജന-വിദ്യാർത്ഥി സംഘടനയിൽപ്പെട്ട പ്രവർത്തകർക്കെതിരെ കേസ്സെടുക്കാതെ തികച്ചും പക്ഷപാതപരമായിട്ടുള്ള നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. നാടിന്റെയും ജനങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി ലക്ഷ്യബോധത്തോടെ നടപ്പാക്കിയ നിയമത്തെ ദുരുപയോഗപ്പെടുത്തുന്ന സമീപനം അവസാനിപ്പിക്കണം. ഈ വിഷയം

സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : വ്യക്തി സ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. ജനജീവിതത്തെ ദു:സ്സഹമാക്കുന്ന തരത്തിലുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളെ ശക്തമായി അടിച്ചമർത്തും. രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തകരാണെന്ന ലേബലിൽ ഗുണ്ടാ പ്രവർത്തനം നടത്തുന്നതിനെ ശക്തമായി നേരിടും. രാഷ്ട്രീയപ്രേരിതമായി ആരുടെയെങ്കിലും പേരിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ചുമത്തിയെന്ന വിമർശനം കോടതി ഉന്നയിച്ചിട്ടില്ല. ഏതെങ്കിലും കേസിൽ നിയമം ദുരുപയോഗം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന കാര്യം വ്യക്തിപരമായി പരിശോധിക്കുന്നതാണ്. രാഷ്ട്രീയ പ്രവർത്തകരുടെ പേരിൽ അനാവശ്യമായി 'കാപ്പ' നിയമം പ്രയോഗിക്കരുതെന്നാണ് സർക്കാരിന്റെ നയം. വ്യക്തി സ്വാതന്ത്ര്യവും പൗരാവകാശവും പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആഭ്യന്തരവകുപ്പും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും 'കാപ്പ' നിയമം കൈകാര്യം ചെയ്യുന്ന വക്കീലൻമാരും ജില്ലാ കളക്ടർമാരും അടങ്ങുന്ന ഉന്നത ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നിയമത്തിന്റെ ദുരുപയോഗം തടയൽ, സൈബർ ക്രൈമുകളിലുണ്ടാകുന്ന വർദ്ധന, കാലഘട്ടത്തിനനുസരിച്ച് കുറ്റകൃത്യങ്ങളിലുണ്ടായ മാറ്റം എന്നിവ തടയുന്നതിന്

നിയമ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. ജനജീവിതത്തിന് ഭീഷണി നേരിടുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ അതിനെ ശക്തമായി നേരിടുകയും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) സർക്കാർ വകുപ്പുകളുടെ ഏകോപനത്തിന് നോഡൽ സംവിധാനം

ശ്രീ. കെ. മുരളീധരൻ: കോടിക്കണക്കിന് രൂപ ചെലവാക്കി നവീകരിക്കുന്ന പൊതുമരാമത്ത് റോഡുകൾ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകൾ പൈപ്പ് ഇടുന്നതിനും കേബിൾ ഇടുന്നതിനും മറ്റുമായി അശാസ്ത്രീയമായി വെട്ടിക്കുഴിച്ച് താറുമാറാക്കുന്നതുമൂലം പൊതു ഖജനാവിന് കോടിക്കണക്കിനു

 രൂപയുടെ നഷ്ടവും പൊതുജീവിതത്തിന് നിത്യദുരിതവും ഉണ്ടാക്കുന്നു. വാട്ടർ അതോറിറ്റി, പൊതുമരാമത്ത് തുടങ്ങി വിവിധ വകുപ്പുകൾ മുൻകൂട്ടി വിവര കൈമാറ്റവും പദ്ധതി ഏകോപനവും നടത്തുകയാണെങ്കിൽ തുക ലാഭിക്കുന്നതിനും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും സാധിക്കും. അതിനാൽ എല്ലാ വകുപ്പുകളും അവരുടെ മരാമത്ത് പണികൾ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള ഒരു നോഡൽ ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ., ഇന്റർനെറ്റ് ഏജൻസികൾ എന്നിവർക്കാണ് നമ്മുടെ റോഡുകൾ കുഴിക്കേണ്ടിവരുന്നത്. ഈ സ്ഥാപനങ്ങൾ അവരുടെ പ്ലാനും സ്കീമും പൊതുമരാമത്ത് വകുപ്പിനെ നേരത്തെ അറിയിക്കുന്നില്ല. റോഡുകൾ കുഴിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് അനുമതി നൽകുന്നതിനായി സർക്കാർ രൂപീകരിച്ച കമ്മിറ്റികളുടെ പ്രവർത്തനവും കാര്യക്ഷമമായില്ല. അതിനാൽ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ., ഇന്റർനെറ്റ് സ്ഥാപിക്കുന്ന കമ്പനികൾ തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഏജൻസിയെ നിയമിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## (2) ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.വി. ശിവൻകുട്ടി: വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള 2013-ലെ ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് നിയമത്തിന്റെ ചട്ടങ്ങൾ പ്രസിദ്ധീകരിക്കണം. ജീവനക്കാരുടെ കുറവും നിയമത്തിന്റെ നൂലാമാലകളും കാരണം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതിനാൽ കേരളത്തിലാകമാനം വികസന പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. താത്കാലിക ജീവനക്കാരെ നിയമിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കണം. കരമന-കളിയിക്കാവിള റോഡിൽ ഏറ്റെടുത്ത സ്ഥലത്തിന്റെ പണം നൽകുന്നതിന്റെ സാങ്കേതികതടസ്സം മാറ്റി തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച The Right to Fair Compensation and Transparency in Land Aquisition, Rehabilitation and Resettlement Act 2013, നിലവിൽ വന്നത് 01-01-2014-ലാണ്. 1894 ലെ പൊന്നുംവില നിയമം പുതിയ നിയമപ്രകാരം റദ്ദാക്കിയതിനാൽ 01-01-2014 മുതൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് മാത്രമേ ഭൂമി ഏറ്റെടുക്കൽ

നടത്താൻ കഴിയുകയുള്ളൂ. പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾക്ക് രൂപം നൽകുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി റൂൾ ഫ്രെയിം ചെയ്യുന്നതിനനുസൃതമായി നിലവിലുള്ള അക്വിസിഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ട മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന് 04-03-2014- ൽ ഒരു സർക്കുലർ വഴി നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചട്ടങ്ങൾ രൂപീകരിച്ച് നിയമസഭയുടെ അംഗീകാരം നേടിയാൽ മാത്രമേ നിയമം നടപ്പാക്കാൻ കഴിയുകയുള്ളൂ. കരമന കളിയിക്കാവിള റോഡിന്റെ ഭൂമി അക്വസിഷൻ നടപടികളുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച പ്രശ്നം പരിഹരിക്കുന്നതാണ്. കേരളത്തിന്റെ പൊതു പ്രശ്നം എന്നനിലയിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണ്.

# സബ്മിഷൻ

## (1) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

ശ്രീ. സണ്ണി ജോസഫ് : പേരാവൂർ നിയോജക മണ്ഡലത്തിലെ വള്ളിത്തോട് ആസ്ഥാനമായി പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : 25,000 കൺസ്യൂമേഴ്സും 50 സ്ക്വയർ കി. മീറ്ററിൽ കൂടുതൽ ദൂരവും അല്ലെങ്കിൽ 20,000 കൺസ്യൂമേഴ്സും 100 സ്ക്വയർ

കി. മീറ്ററിൽ കൂടുതൽ ദൂരവുമുണ്ടെങ്കിൽ മാത്രമേ നിലവിലുള്ള നോംസ് അനുസരിച്ച് പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുകയുള്ളൂ. നോംസ് പുന:പരിശോധിക്കുന്ന സന്ദർഭത്തിൽ മലയോരപ്രദേശമെന്ന നിലയിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

## (2) ഭൂമി ഏറ്റെടുക്കൽ

ശ്രീ. ജി. എസ്. ജയലാൽ : ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർ-ചാത്തന്നൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പള്ളിക്കമണ്ണടി പാലത്തിന്റെ പണി ത്വരിതപ്പെടുത്തുന്നതിനും അപ്രോച്ച് റോഡിന് ആവശ്യമായ ഭൂമിയേറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മീനാട്, ആദിച്ചനെല്ലൂർ വില്ലേജുകളിലെ 27 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയശേഷം പുതിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതാണ്.

## (3) സീറ്റ് ബെൽറ്റ്

ശ്രീ. കെ. ശിവദാസൻ നായർ : കാറുകളിൽ പിൻസീറ്റിലിരുന്ന് സഞ്ചരിക്കുന്നവർക്ക് സീറ്റ് ബെൽറ്റ് നിർബന്ധമാക്കിക്കൊണ്ട് നടത്തുന്ന

പരിശോധന സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സീറ്റ് ബെൽറ്റ് നിർബന്ധമാക്കിക്കൊണ്ട് 5.6.2014-ൽ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് അയച്ച സർക്കുലർ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (4) പാലക്കാട് മെഡിക്കൽ കോളേജ്

ശ്രീ. വി. പി. സജീന്ദ്രൻ : പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പാലക്കാട്ട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്ന കാര്യം കൂടി പരിഗണിച്ചുകൊണ്ടാണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചത്. എം.സി.ഐ.യുടെ അംഗീകാരം ലഭ്യമായാൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ഈ വർഷം തന്നെ പാലക്കാട് മെഡിക്കൽ കോളേജ് പ്രവർത്തനമാരംഭിക്കുന്നതാണ്.

## (5) ശില്പപൈതൃക ഗ്രാമം

ശ്രീ. റ്റി. വി. രാജേഷ്: വെങ്കല ശില്പ വൈദഗ്ദ്ധ്യത്തിന് പേരുകേട്ട കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം മൂശാരിക്കോവിലിനെ വെങ്കല ശില്പപൈതൃക ഗ്രാമമാക്കി സംരക്ഷിക്കുന്നതിനും അവിടെ മ്യൂസിയം സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): വെങ്കല ശില്പ നിർമ്മാണത്തിന് പ്രശസ്തിയാർജ്ജിച്ച കുഞ്ഞിമംഗലം മൂശാരിക്കോവിലിനെ ശില്പപൈതൃക ഗ്രാമമാക്കി സംരക്ഷിക്കുന്ന കാര്യം പരിശോധിക്കുന്നതിന് കേരള ലളിതകലാ അക്കാഡമിയെ ചുമതലപ്പെടുത്തുന്നതിനും അവിടെ മ്യൂസിയം സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (6) പദ്ധതിപ്പണം തിരിച്ചടയ്ക്കൽ

ശ്രീ. ജോസഫ് വാഴക്കൻ: 19 വർഷങ്ങൾക്കുമുമ്പുള്ള പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയുമായി ബന്ധപ്പെട്ട് പദ്ധതി നടത്തിപ്പുമായി നേരിട്ട് ബന്ധമില്ലാത്ത അന്നത്തെ കോട്ടയം ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കെതിരെ ആക്ഷേപമുന്നയിക്കുകയും പണം തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്ത നടപടി പിൻവലിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ഉദയനാപുരത്തെ സ്കൂൾ കെട്ടിട നിർമ്മാണം, പട്ടികജാതി പെൺകുട്ടികളുടെ വിവാഹസഹായ പദ്ധതി, പാലത്തിന് ടെണ്ടർ എക്സസ് അനുവദിച്ച നടപടി തുടങ്ങിയ കാര്യങ്ങളിൽ പഞ്ചായത്തിന് നഷ്ടം വന്ന തുക ആ കാലത്തുണ്ടായിരുന്ന സെക്രട്ടറിയിൽ നിന്നും ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽ നിന്നും തിരിച്ചുപിടിക്കണമെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരമാണ് നോട്ടീസ് നൽകിയത്. പദ്ധതി നടത്തിപ്പിന് നിശ്ചിതഘടന രൂപപ്പെടുന്നതിന് മുമ്പ് എടുത്ത തീരുമാനമെന്ന നിലയിൽ ഇക്കാര്യം പരിശോധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളെ ഒഴിവാക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനമെടുക്കുന്നതാണ്. ലോക്കൽ ഫണ്ട് ആഡിറ്റുമായി ബന്ധപ്പെട്ട നിയമസഭാ സമിതികൂടി ഇക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്.

## (7) ശുദ്ധജല വിതരണം

ശ്രീ. പി. എ. മാധവൻ: മണലൂർ നിയോജക മണ്ഡലത്തിലെ പാവറട്ടി പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കാനും പ്രസ്തുത പദ്ധതി നിലവിൽ വരുന്നതുവരെ കരിവന്നൂർ പദ്ധതിയിൽ നിന്നും ഒരു എം.എൽ.ടി. വെള്ളം പാവറട്ടിയിലേയ്ക്ക് എത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പാവറട്ടി-മുല്ലശ്ശേരി പഞ്ചായത്തുകൾക്കായി ഏകദേശം 2500 ദശലക്ഷം രൂപ ചെലവ് വരുന്ന കുടിവെള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. കരിവന്നൂർ ശുദ്ധജല പദ്ധതിയിൽ നിന്നും ഒരു എം.എൽ.ടി. വെള്ളം പാവറട്ടി പഞ്ചായത്തിന് നൽകാനുള്ള നിർദ്ദേശം വാട്ടർ അതോറിറ്റി എം.ഡി.ക്ക് നൽകിയിട്ടുണ്ട്.

## (8) സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി ലഭിച്ച ശുദ്ധജല പദ്ധതിയുടെ വകുപ്പുതല നടപടികൾ പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസം കാരണം ഇപ്പോൾ പദ്ധതിയുടെ എസ്റ്റിമേറ്റ് വർദ്ധിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ കോഴിക്കോട് നഗരത്തിനും സമീപ പഞ്ചായത്തുകൾക്കുംവേണ്ടി നടപ്പാക്കുന്ന ശുദ്ധജല പദ്ധതിയിൽ കൊയിലാണ്ടിയെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. ഇതിലേക്കായി 14 ലക്ഷം ലിറ്റർ ജലം 'ജിക്ക' പദ്ധതിയിൽ നിന്ന് ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചുവരികയാണ്.

'ജിക്ക' പദ്ധതിയിൽ നിന്നും ജലം ലഭ്യമാകാത്തപക്ഷം കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിൽ നിന്നും കൊയിലാണ്ടിയിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## 3. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## 4. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### ഓപ്പറേഷൻ കുബേര

സംസ്ഥാനത്ത് അമിത പലിശ ഈടാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാമ്പത്തിക ഇടപാടുകാരുടെയും സ്ഥാപനങ്ങളുടെയും നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ആഭ്യന്തര വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള 'ഓപ്പറേഷൻ കുബേര' പരിപാടിയെ സംബന്ധിച്ച് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## 5. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## (2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (i) 2013-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

ശ്രീ. എ. പ്രദീപ് കുമാർ: 2013-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: പ്രമേയത്തെ പിന്താങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നാഷണൽ പ്ലേ ഫീൽഡ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മാതൃകയിൽ പ്ലേ ഫീൽഡ്സ് അസോസിയേഷൻ ഓഫ് കേരള രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്. സ്റ്റേഡിയങ്ങൾ, കളിസ്ഥലങ്ങൾ എന്നിവയുടെ പരിപാലനത്തിനായുള്ള സ്പോർട്സ് ആക്ട് ഭേദഗതി ബിൽ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ഈ ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. എ. പ്രദീപ് കുമാർ: ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും സ്പോർട്സ് രംഗത്ത് മുന്നേറുന്നതിനും കളിസ്ഥലങ്ങൾ അത്യന്താപേക്ഷിതമാണ്. ഗവൺമെന്റുകളുടെ നയമില്ലായ്മയുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികലമായ വികസന കാഴ്ചപ്പാടിന്റെയും ഫലമായി കളിസ്ഥലങ്ങൾ

നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നതിനും പുതിയ കളിസ്ഥലങ്ങളുണ്ടാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഒരു ബില്ലാണിത്.

(ചർച്ച തുടരും)

## (ii) 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

ശ്രീ. എ. പ്രദീപ് കുമാർ: 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കാരായ്മ, പണയച്ചീട്ട്, പണയപ്പാട്ടം എന്നീ പേരുകളിലറിയപ്പെടുന്ന കുടിയാന്മാരുടെ കാര്യമാണ് ബില്ലിൽ പരാമർശിക്കുന്നത്. 1989-ൽ കേരള ലാന്റ് റിഫോംസ് ആക്ടിൽ വരുത്തിയ ഭേദഗതിയിൽ ഡീംഡ് കാരായ്മ ഉൾപ്പെടുത്തിയിട്ടുണ്ട്. കാരായ്മ കുടിയാന്മാരുടെ സ്വകാര്യ അവകാശം

സംരക്ഷിക്കുന്നതിനുവേണ്ടി 1999-ൽ കൊണ്ടുവന്ന ഭേദഗതി ഭരണഘടനാ വിരുദ്ധമാണെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ 1989-ലെ ഭേദഗതി നിയമത്തിലെ വ്യവസ്ഥയാണ് നിലനിൽക്കുന്നത്. രത്നാഭായി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരളയിലെ വിധിന്യായത്തിലെ വ്യവസ്ഥകൾ പ്രകാരം കാരായ്മ കുടിയാന്മാരുടെ അവകാശം സംരക്ഷിക്കുന്നതിന് ലാന്റ് ട്രിബ്യൂണലിനെ സമീപിക്കാവുന്നതാണ്. അതുകൊണ്ട് ഈ ബിൽ പരിഗണിക്കേണ്ടതില്ല.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: ഒരു നിയമത്തിന്റെ പിൻബലമില്ലാതെ കാരായ്മ കുടിയാന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയില്ല. ഹൈക്കോടതി ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ട്രിബ്യൂണൽ അതിനെതിരായ നിലപാട് സ്വീകരിച്ചുകൊണ്ട് കാരായ്മക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് തയ്യാറാകുകയില്ല. അതുകൊണ്ട് ഭരണഘടനാ വിരുദ്ധമല്ലാത്ത രീതിയിൽ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് നിയമം കൊണ്ടുവരണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചത്.

(ചർച്ച തുടരും)

### (iii) <u>**2014-ലെ കേരള കർഷകമിത്ര സേന രൂപീകരണ ബിൽ**</u>

<u>ശ്രീ. എം.പി. വിൻസെന്റ്</u>: 2014-ലെ കേരള കർഷകമിത്ര സേന രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ)</u>: കാർഷികവൃത്തിയിലേയ്ക്ക് ആളുകളെ ആകർഷിക്കുന്നതി-നായി ഓരോ കൃഷി ഭവനിലും സർക്കാർ ശമ്പളത്തോടുകൂടി പ്രവർത്തിക്കുന്ന കർഷക മിത്ര സേന രൂപീകരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്ന ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യ-ങ്ങൾ നിറവേറ്റുന്നതിന് കൃഷി വകുപ്പിൽ പദ്ധതികൾ നിലവിലുണ്ട്. തെരഞ്ഞെടുക്ക-പ്പെട്ട 35 ബ്ലോക്ക് പഞ്ചായത്തുകളിൽ ഹൈഡ്രോ സർവ്വീസ് സെന്ററുകളും കർമ്മ-സേനകളുമുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 200 പഞ്ചായത്തുകളിൽ കുടപ്പനക്കുന്ന് കൃഷി ഭവൻ മോഡൽ കാർഷിക കർമ്മസേന പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ ഹരിത-സേനയുമുണ്ട്. അതുകൊണ്ട് ഈ ബിൽ പരിഗണിക്കേണ്ടതില്ല.

<u>ശ്രീ. എം. പി. വിൻസെന്റ്</u>: കർഷകമിത്ര സേനയ്ക്ക് രൂപംനൽകി നിയമ ഭദ്രത നൽകിയാൽ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനും കൂടുതൽ ആളുകളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും കൃഷിയുടെ മഹത്വം ഉയർത്തിപ്പിടി ക്കാനും കഴിയും. സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കാതെ തദ്ദേ-ശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കർഷക മിത്ര സേന രൂപീകരിക്കാൻ

കഴിയും.

(ചർച്ച തുടരും)

## (iv) **2014-ലെ കേരള ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ സംരക്ഷണം ഉറപ്പാക്കൽ അതോറിറ്റി രൂപീകരണ ബിൽ**

ശ്രീ. എം. പി. വിൻസെന്റ്: 2014-ലെ കേരള ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ സംരക്ഷണം ഉറപ്പാക്കൽ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പാലോട് രവി: പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ബുദ്ധിമാന്ദ്യം ഉൾപ്പെടെയുള്ള അവശതയനുഭവിക്കുന്നവരുടെ സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങൾ പ്രകാരം സർക്കാർ നൽകുന്ന ഫണ്ടിന്റെ വിനിയോഗത്തിനും മേൽനോട്ടത്തിനും അവകാശം ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ നിയമിക്കുന്ന കമ്മീഷന് ബാദ്ധ്യതയുണ്ട്. ബുദ്ധിമാന്ദ്യമുള്ളവരെ പുനരധിവസിപ്പിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ/തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതയും ഇവർക്കുവേണ്ടി ഗാർഡിനെ നിയമിക്കേണ്ടത് നിയമപ്രകാരം

രൂപീകരിക്കപ്പെട്ട ബോർഡുമാണ്. കേന്ദ്രനിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ് കരട് ബില്ലിലെ വ്യവസ്ഥകൾ. അതുകൊണ്ട് ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എം. പി. വിൻസെന്റ്: കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയമങ്ങളുണ്ടെങ്കിലും ബുദ്ധിമാന്ദ്യമുള്ളവർക്ക് അതിന്റെയൊന്നും പരിരക്ഷ ലഭിക്കുന്നില്ല. ഇത്തരക്കാരുടെ സ്വത്തുക്കൾ കൈവശമാക്കുകയും അവരെ സംരക്ഷിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുകയാണ്. ബുദ്ധിമാന്ദ്യമുള്ളവർക്ക് നൽകുന്ന പെൻഷൻ അവർക്കുവേണ്ടി വിനിയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനും അല്ലാത്തപക്ഷം ആ തുക പലിശയടക്കം തിരിച്ചുപിടിക്കാനും ഇവരുടെ സംരക്ഷണം സർക്കാർ ഏറ്റെടുക്കാനും വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലാണിത്.

(ചർച്ച തുടരും)

## (v) 2011-ലെ കേരള ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണ നിയന്ത്രണ ബിൽ

ശ്രീ. എം. ഹംസ: 2011-ലെ കേരള ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണ നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ: പ്രമേയത്തെ പിന്താങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഈ വിഷയത്തെ സംബന്ധിച്ച് 20 നിയമങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. നിർദ്ദിഷ്ട ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന പഞ്ചായത്ത് മുൻസിപ്പൽ കമ്മിറ്റികൾ, വിദഗ്ദ്ധ സമിതികൾ എന്നിവ ജൈവ വൈവിദ്ധ്യ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിലും 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന നിയമസഭ നിയമം പാസ്സാക്കിയാലും പാർലമെന്റ് പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കാൻ സാധിക്കുകയില്ല. പരിസ്ഥിതി നിയമങ്ങൾ ലംഘിക്കുന്നവർക്ക് 7 വർഷം തടവും ഒരു ലക്ഷം രൂപ പിഴയും അയ്യായിരം രൂപ പ്രതിദിന പിഴയും വിധിക്കാനും പരിസ്ഥിതി ആഘാത പരിഹാരത്തിനുള്ള തുക കുറ്റക്കാരിൽ നിന്ന് ഈടാക്കാനുമുള്ള വ്യവസ്ഥകൾ നിലവിലുണ്ട്. ഈ വിഷയം സംബന്ധിച്ച് മാതൃകാപരമായ നിയമനിർമ്മാണം അനിവാര്യമാണ്. സൂര്യതാപം, വരൾച്ച, ഉരുൾപൊട്ടൽ, ഇടിമിന്നൽ, ഭൂമികുലുക്കം തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരമായി വനം സംരക്ഷിക്കപ്പെടാനാവശ്യമായ

നടപടി സ്വീകരിക്കണം. അനധികൃത പാറമടകളുടെയും ക്വാറികളുടെയും പ്രവർത്തനം തടയുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനം അഭിമുഖീകരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പരിഹാരം കാണാനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അനധികൃത ക്വാറി പ്രവർത്തനം തടയാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

( ചർച്ച തുടരും)

## (VI) 2012-ലെ കേരള വയോജന കമ്മീഷൻ ബിൽ

ശ്രീ. ടി. എൻ. പ്രതാപൻ : 2012-ലെ കേരള വയോജന കമ്മീഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ : പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): അഗതികളും അശരണരുമായ വൃദ്ധജനങ്ങളുടെ പരാതി പരിഹാരത്തിനും

അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള പ്രസ്തുത ബില്ലിലെ ആവശ്യം ഉചിതമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കമ്മീഷനാണോ ഓൾഡ് ഏജ് കൺട്രോൾ ബോർഡ് ആണോ രൂപീകരിക്കേണ്ടതെന്നതുസംബന്ധിച്ച് പരിശോധിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുന്നതും അതനുസരിച്ചുള്ള തീരുമാനം നടപ്പിലാക്കുന്നതുമാണ്. കൂടാതെ 2013-ൽ ഒരു വയോജന നയം പ്രഖ്യാപിക്കുകയും പ്രസ്തുത നയത്തിൽ വിഭാവന ചെയ്തിട്ടുടള്ള കർമ്മപദ്ധതി രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കുകയും ഇവ നടപ്പിലാക്കുന്നതിന് സെക്രട്ടറിതലത്തിലും ഡയറക്ടറേറ്റ് തലത്തിലും സെൽ രൂപീകരിക്കുന്നതിനുമുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല കൗൺസിലും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല കൗൺസിലും രൂപീകരിക്കുന്നതിനും വയോജനങ്ങളുടെ ക്ഷേമത്തിനായി ആർ.ഡി.ഒ.മാരെ മെയിന്റനൻസ് ട്രിബ്യൂണലുകളായും ജില്ലാകളക്ടർമാരെ അപ്പലേറ്റ് ട്രിബ്യൂണലുകളായും നിയമിച്ചുകൊണ്ട് നിലവിൽ പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ

വയോജനങ്ങളുടെ സംരക്ഷണത്തിന് ഉചിതമായ തീരുമാനമെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ച സർക്കാർ നടപടിയെ അഭിനന്ദിച്ചുകൊണ്ട് ബിൽ പിൻവലിക്കുന്നു.

*(ചർച്ച അവസാനിച്ചു)*

**(vii) 2012-ലെ കേരള സ്ത്രീകൾ /കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമ നിരോധന ബിൽ**

ശ്രീ. ടി. എൻ. പ്രതാപൻ: 2012-ലെ കേരള സ്ത്രീകൾ-കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമ നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ : പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): കേരള സ്ത്രീകൾ/കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമ നിരോധന ബിൽ ഭരണഘടനയുടെ സംവരണ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്താൻ സംസ്ഥാന നിയമസഭകൾക്ക് അധികാരമുണ്ട്. എങ്കിലും പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിൽ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള ചില നിയമങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ചില വ്യവസ്ഥകളുള്ളതിനാൽ

ഇത്തരമൊരു നിയമം പാസ്സാക്കിയാലും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചാലേ നിയമമാകുകയുള്ളൂ. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ സംബന്ധിച്ച് ആവശ്യമായ പുതിയ നിയമങ്ങളും ഇന്ത്യൻ ശിക്ഷാനിയമത്തിൽ ആവശ്യമായ ഭേദഗതികളും ഉണ്ടായ സാഹചര്യത്തിൽ ഇത്തരമൊരു ബില്ലിന്റെ ആവശ്യമില്ല. നിലവിലുള്ള നിയമങ്ങൾ എൻഫോഴ്സ് ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: നിലവിൽ നിയമങ്ങളുണ്ടെങ്കിലും ഇപ്പോഴും സ്ത്രീകളും കുട്ടികളും സുരക്ഷിതരല്ല. തൊഴിൽശാലകളിലും പാഠശാലകളിലും, യാത്ര ചെയ്യുന്ന സ്ഥലങ്ങളിലും വച്ച് സ്ത്രീകളും കുട്ടികളും പീഡിപ്പിക്കപ്പെടുകയാണ്. ആയതിനാൽ ഈ ബിൽ സഭ പാസ്സാക്കി രാഷ്ട്രപതിയിൽനിന്നും അംഗീകാരം നേടണം. ദുർബ്ബലമായ പോലീസ് ആക്ട് ഉപയോഗിച്ച് കേസ്സുകളെടുത്താൽപ്പോലും കുറ്റക്കാർ കോടതിയിൽനിന്നും രക്ഷപ്പെട്ടുപോകുകയാണ്. അതുകൊണ്ട് ഈ ബില്ലിന്റെ പ്രസക്തിയെക്കുറിച്ച് സർക്കാർ ഒന്നുകൂടി പുന:പരിശോധിക്കണം. സ്ത്രീകളുടെയും കുട്ടികളുടെ കാര്യം ഇപ്പോഴും സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ ഈ ബിൽ തുടർചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നു.

(ചർച്ച തുടരും)

## (viii) 2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബിൽ

ശ്രീ. സാജു പോൾ: 2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): 2003-ലെ കേരള ജലസംരക്ഷണ നിയമമനുസരിച്ച് കേരളത്തിന്റെ എല്ലാ ജലസ്രോതസ്സുകളും സർക്കാരിന്റേതായതിനാൽ അതനുസരിച്ചുള്ള സംരക്ഷണപ്രവർത്തനങ്ങളാണ് സ്വീകരിക്കുന്നത്. 2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബില്ലിൽ സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ പ്രധാന ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനായി 2003-ലെ കേരള ജലസേചന സംരക്ഷണ നിയമം ഭേദഗതി ചെയ്ത് സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബിൽ, ബിൽ നമ്പർ 184 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. പ്രസ്തുത ബില്ലിൽ സംസ്ഥാനത്തെ ജലസ്രോതസ്സുകളെ

സംരക്ഷിക്കാനാവശ്യമായ നിർദ്ദേശങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. സാജു പോൾ: ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ നിയമമുണ്ടെങ്കിലും ജലസ്രോതസ്സുകൾ അന്യാധീനമാകുന്ന അവസ്ഥയുണ്ടാകുകയും കുടിവെള്ളപ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുകയുമാണ്. ആയതിനാൽ ചർച്ച തുടരുന്നതാണ്.

(ചർച്ച തുടരും)

## (ix) 2011-ലെ കേരള പാർപ്പിട രഹിതരുടെ ഭവനനിർമ്മിതിക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ ഉപലബ്ധമാക്കൽ ബിൽ

ശ്രീ. സാജു പോൾ :2011-ലെ കേരള പാർപ്പിട രഹിതരുടെ ഭവനനിർമ്മിതിക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ ഉപലബ്ധമാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ :പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): 1959-ലെ കേരള മുദ്രപ്പത്രം നിയമം സംസ്ഥാനത്ത് മുദ്രപ്പത്രങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ക്രോഡീകരിക്കുകയും ഭേദഗതി

ചെയ്യുന്നതുമായ ഒരു നിയമമായതിനാൽ പ്രസ്തുത ബില്ലിന് പ്രസക്തിയില്ല. ഭൂമിയുടെ രജിസ്ട്രേഷന് ഈടാക്കേണ്ട മുദ്രവില കുറയ്ക്കുകയോ വിട്ടുകൊടുക്കുകയോ ചെയ്യുന്നത് പൊതുതാൽപ്പര്യാർത്ഥം ആവശ്യമാണെന്ന് തോന്നുന്നപക്ഷം മുദ്രപ്പത്ര ഇളവുകൾ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ആയ-തിനാൽ ഭവനരഹിതരമായ കുടുംബങ്ങൾ പാർപ്പിടാവശ്യങ്ങൾക്ക് ഭൂമി വാങ്ങു-മ്പോൾ സൗജന്യ രജിസ്ട്രേഷൻ അനുവദിക്കുന്നതിന് പുതിയ നിയമം നിർമ്മിക്കേണ്ട ആവശ്യമില്ല.

(ചർച്ച തുടരും)

## (x) 2013-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

ഡോ. കെ. ടി. ജലീൽ: 2013-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ :പ്രമേയത്തെ പിന്താങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

<u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: ഫോട്ടോ ഫിനിഷായതുകൊണ്ട് ബില്ലിനെ അംഗീകരിക്കുന്നില്ല.

<u>ഡോ. കെ. ടി. ജലീൽ :</u> ചർച്ച തുടരുന്നതാണ്.

(ചർ ച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12. 30- ന് പിരിഞ്ഞു.

*****************